# GHSS UPPALA

## MANJESHWAR SUB DISTRICT

# ACADEMIC MASTER PLAN

# 2025-2026

# അക്കാദമിക മാസ്റ്റർപ്ലാൻ

## ആമുഖം

മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതി സാധ്യമാകും. സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാലയങ്ങളിൽ ഭൗതികവും അക്കാദമികവുമായ നേട്ടങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുകയാണ്.

പൊതുവിദ്യാലയങ്ങളിൽ ഗുണമേൻമാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ, കേരളത്തിലെ പൊതുസമൂഹത്തെക്കൂടി കണ്ണിചേർക്കുന്നു. കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം അനുദിനം മുന്നേറിക്കൊണ്ടിരിക്കുകയാണ്. കുട്ടികൾ അതാതു പ്രായത്തിൽ നേടേണ്ട ശേഷികൾ നേടിക്കൊണ്ട് ജീവിതായോധനത്തിനുള്ള നൈപുണികൾ വികസിപ്പിച്ചെടുക്കുവാൻ അവനെ പ്രാപ്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർപ്ലാൻ. അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാടിലൂന്നി സമൂഹപങ്കാളിത്തത്തോടെ നമ്മുടെ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ ജി.എച്ച്.എസ്.എസ് ഉപ്പളയിലെ അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും, പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി ഒട്ടും ചോർന്നു പോകാത്ത തരത്തിൽ ഒന്നിച്ചു പ്രവർത്തിക്കേണ്ട അവസരമാണിത്. ലിംഗവിവേചനമില്ലാതെ കുട്ടികൾക്ക് ഗുണത ഉറപ്പാക്കാനും അവരുടെ സർവ്വതോൻമുഖമായ വികസനത്തിനും വേണ്ട പഠനാന്തരീക്ഷം ഉണ്ടാക്കാനും നമുക്ക് കൂട്ടായി പ്രവർത്തിക്കാം.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായി പശ്ചാത്തലസൗകര്യം ഒരുക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

3. 1 മുതൽ 10 വരെ ക്ലാസുകളിൽ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകി കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം

4. ഓരോ കുട്ടിയേയും ഒരു യൂനിറ്റായിക്കണ്ട് സമഗ്രവികസനം സാധ്യമാക്കുക.

5. കാർഷിക സംസ്കൃതി വളർത്തിയെടുക്കുക

6. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.

7. മദ്യപാനം, മയക്കുമരുന്ന്, മറ്റു ലഹരി ഉപയോഗം എന്നിവ പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാൻ ആവശ്യമായ ഇടപെടൽ നടത്തുക.

8. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുക.

9. വിദ്യാലയത്തിലെ പഠനപിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രാപ്തമാക്കുക.

10. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ നടപ്പലാക്കുക.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : ജി.എച്ച്.എസ്.എസ് ഉപ്പള |
| വിലാസം | : ഉപ്പള പി.ഒ, കാസറഗോഡ് |
| ഫോൺ | : |
| 2. സ്കൂൾ കോഡ് | :11015 |
| 3. വിദ്യാഭ്യാസ ഉപജില്ല | : മഞ്ചേശ്വരം |
| 4. വിദ്യാഭ്യാസ ജില്ല | : കാസർഗോഡ് |
| 5. റവന്യൂ ജില്ല | : കാസർഗോഡ് |
| 6. ബി ആർ സി | : മഞ്ചേശ്വരം |
| 7. പഞ്ചായത്ത് | :മംഗൽപാടി |
| 8. ബ്ലോക്ക് പഞ്ചായത്ത് | : മഞ്ചേശ്വരം |
| 9. ജില്ലാ പഞ്ചായത്ത് | : കാസർഗോഡ് |
| 10.നിയമസഭാമണ്ഡലം | : മഞ്ചേശ്വരം |
| 11. ലോകസഭാമണ്ഡലം | : കാസർഗോഡ് |
| 12 താലൂക്ക് | : മഞ്ചേശ്വരം |
| 13. വില്ലേജ് | :മംഗൽപാടി |
| 14. ഇ - മെയിൽ | : |

# വിദ്യാലയ ചരിത്രം

കാസർഗോഡ് റവന്യൂ ജില്ലയിൽ മഞ്ചേശ്വരം ഉപ ജില്ലയിലെ പ്രസിദ്ധമായ ഒരു പൊതുവിദ്യാലയം ആണ് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ, ഉപ്പള . ബ്രിട്ടീഷ് ഭരണകാത്ത് 1912 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. ദക്ഷിണ കാനറ ഡിസ്ട്രിക്ട് ബോർഡിനു കീഴിൽ വടക്ക് ബാർകൂർ മുതൽ തെക്ക് നീലേശ്വരം വരെ ഉൾപ്പെട്ട പ്രദേശമായിരുന്നു ദക്ഷിണകാനറ. അക്കാലത്ത് ഡിസ്ട്രിക്ട് ബോർഡിൽ ജോലി ചെയ്തിരുന്ന തദ്ദേശീയരായ ഉദ്യോഗസ്ഥരുടെ ദേശസ്നേഹവും നിസ്വാർത്ഥമായ മനോഭാവവും കൊണ്ടാണ് ഈ വിദ്യാലയം ആരംഭിച്ചത്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടപ്പോൾ ദക്ഷിണകാനറയിലെ ഈ പ്രദേശം കേരളത്തിൽ കാസർഗോഡ് ജില്ലയുടെ ഭാഗമായി മാറി. ഒരു ബഹുഭാഷാപ്രദേശമായ ഉപ്പളയിൽ മലയാളം, കുന്നഡ, തുളു, ബ്യാരി, കൊങ്കിണി എന്നീ ഭാഷകൾ സംസാരിക്കുന്ന ആളുകളുണ്ട്. അന്യസംസ്ഥാനത്തിൽ നിന്നും വരുന്നവർ ഹിന്ദി സംസാരിക്കുന്നു. അതുകൊണ്ടു തന്നെ കന്നഡ,

മലയാളം മാധ്യമങ്ങളിൽ വിദ്യാഭ്യാസ സൗകര്യം ഈ വിദ്യാലയത്തിലുണ്ട്. സ്ഥാപന സമയത്ത് യു.പി സ്കൂൾ മാത്രമായിരുന്ന സ്കൂൾ ഇപ്പോൾ ഹയർ സെക്കന്ററി സ്കൂളായാണ് പ്രവർത്തിക്കുന്നത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക
- ഓരോ വിദ്യാർത്ഥിയുടേയും സർവ്വതോൻമുഖമായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള സാംസ്കാരിക കേന്ദ്രമായി നമ്മുടെ വിദ്യാലയത്തെ മാറ്റിയെടുക്കുക
- ഏതു ദേശത്തുമുള്ള സമപ്രായക്കാരായ കുട്ടികൾ ആർജ്ജിക്കുന്ന ശേഷികളും ധാരണകളും നമ്മുടെ കുട്ടികളും നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ കായിക പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപഴകുന്നതിനുള്ള സംവിധാനം ഒരുക്കുക
- പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഭിന്നശേഷിക്കാർക്കും തുല്യപരിഗണന ഉറപ്പു വരുത്തുക
- പഠനകാലത്തു തന്നെ ഭാവിയിൽ ആരായിത്തീരണം എന്നുള്ള അഭിലാഷങ്ങൾ രൂപീകരിക്കാൻ പാരാപ്തരാക്കുക
- കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് വായനായനം പരിപാടി നടപ്പിലാക്കുക.

## നിലവിലുള്ള അവസ്ഥാവിശകലനം

## ഭൗതികസൗകര്യങ്ങൾ

1912 ൽ ആരംഭിച്ച് പിന്നീട് ഹൈസ്കൂളായി ഉയർത്തിയ ഈ വിദ്യാലയത്തിൽ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി ക്ലാസുകൾ നടക്കുന്നു. കന്നഡ, മലയാളം മാധ്യമങ്ങളിൽ കുട്ടികൾക്ക് പ്രവേശനം നേടാനുള്ള സൗകര്യം ഉള്ളതോടൊപ്പം ഒന്നാം ഭാഷയായി മാതൃഭാഷയോ,അറബി ഭാഷയോ, ഉറുദു ഭാഷയോ തെരഞ്ഞെടുക്കാനുള്ള അവസരവും ഉണ്ട്.

- എൽ പി വിഭാഗം - 8 ക്ലാസ് മുറികൾ
- യു പി വിഭാഗം - 8 ക്ലാസ് മുറികൾ
- ഹൈസ്കൂൾ വിഭാഗം - 8 ക്ലാസ് മുറികൾ

കൂടാതെ ഓഫീസ് മുറി, ലബോറട്ടറി, ലൈബ്രറി, ഐ ടി ലാബ്, ക്രിയേറ്റീവ് കോർണർ, സ്റ്റാഫ് മുറി, ഒരു ഹാൾ എന്നീ സൗകര്യങ്ങളും ഈ വിദ്യാലയത്തിലുണ്ട്. സമഗ്രശിക്ഷ കേരള, ജില്ലാ പഞ്ചായത്ത് എന്നിവയുടെ ഫണ്ടുകൾ ലഭ്യമാകുന്നതിനനുസരിച്ച് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നു.

## വിദ്യാർത്ഥികളുടെ എണ്ണം

2025 ജൂൺ ആറാം പ്രവൃത്തി ദിവസത്തെ കണക്കു പ്രകാരം ജി.എച്ച്.എസ്.എസ് ഉപ്പളയിൽ മലയാളം, കന്നഡ വിഭാഗങ്ങളിൽ ഒന്നു മുതൽ പത്താം ക്ലാസ് വരെ 455 കുട്ടികൾ ഉണ്ട്.

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1- 10 | 238 | 217 | 455 |
| **ഒന്നാം ഭാഷ മലയാളം** | | | |
| 1-10 | 42 | 53 | 95 |
| **ഒന്നാം ഭാഷ കന്നഡ** | | | |
| 1-10 | 56 | 52 | 108 |
| **ഒന്നാം ഭാഷ അറബിക്** | | | |
| 1-10 | 65 | 60 | 125 |
| **ഒന്നാം ഭാഷ ഉറുദു** | | | |
| 1-10 | 75 | 52 | 127 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026 ൽ നടപ്പിൽ വരുത്തുന്ന സ്കൂൾ തല പ്രവർത്തനങ്ങൾ

### ഭാഷ

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷാപരം | • അക്ഷര ജാലകങ്ങൾ നൽകി ആവർത്തിച്ചു വരുന്നവ ഉറപ്പിക്കൽ<br>• ചിത്രവായന, വരികൾ കൂട്ടിച്ചേർക്കൽ<br>• വായനാക്കളരി<br>• രചനാ പരിചയക്കുറിപ്പ് | ഒരു വർഷം | ക്ലാസ് ടീച്ചർ | | |
| 2 | എഴുത്ത് | • കുട്ടികൾ ഓരോ അക്ഷരവും എഴുതിക്കൂട്ടി വായിക്കുവാനുള്ള കഴിവ്<br>• യാത്രാനുഭവം, വാക്കുകളുടെ ലോകം<br>• കാവ്യഭാഷ, കടങ്കഥ ചന്തം | ഒരു വർഷം | ക്ലാസ് ടീച്ചർ | | |
| 3 | വായന | • അധ്യാപകന്റെ മാതൃകാ വായന<br>• പത്രവായന, പുസ്തക ചർച്ച | ഒരു വർഷം | ഭാഷാധ്യപകർ | | |

## സാമൂഹിക ശാസ്ത്രം

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സാമൂഹിക ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവ് നേടുക | അന്തർദ്ദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, എന്നിവ ഐ.സി.ടി ഉപയോഗിച്ച് ഓർമ പരിശോധന നടത്തുന്നു. | ഒരു വർഷം | സോഷ്യൽ സയൻസ് അധ്യാപകൻ | | |
| 2 | ജനാധിപത്യ രീതി പരിചയപ്പെടുക | ഗ്രാമസഭ/ വാർഡ് സഭ നടത്തി മാതാപിതാക്കളോടൊപ്പം മനസ്സിലാക്കുകയും ചേരുകയും ചെയ്യുന്നു. | | | | |
| 3 | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാതമ പ്രവർത്തനത്തിലൂടെ വളരുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ, എന്നിവയിലൂടെ കുട്ടികളെ | ഒരു വർഷം | സോഷ്യൽ സയൻസ് അധ്യാപകൻ | പി.ടി.എ | |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | | | | |

## സയൻസ്

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം വ്യത്യസ്തതരം ചെടികൾ കൊണ്ടൊരു ജൈവവൈവിധ്യ പാർക്ക് | ഒരു വർഷം | ശാസ്ത്രാ ധ്യാപകൻ, സയൻസ് ക്ലബ്ബ്, ഇക്കോ ക്ലബ്ബ് | | |
| 2 | ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ഐ.സി.ടി യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട് | | ശാസ്ത്രാ ധ്യാപകൻ | സയൻസ് ക്ലബ്ബ് | |

| | | | | | | |
|---|---|---|---|---|---|---|
| | | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | | | | |
| 3 | ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം. സയൻസ് ലാബ്, ഐടി ലാബ് എന്നിവ ആധുനികവത്കരിക്കുന്നു. | ഒരു വർഷം | ശാസ്ത്രാ ധ്യാപകൻ, സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് | |

## ഇംഗ്ലീഷ്

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | To Enrich Vocabulary | Word Game, Flash Cards | 2025 - 2026 | English Teacher | PTA | |
| 2 | To Encourage Listening And Reading | Story Telling, Group Discussion, Role Play Reading Books | 2025 - 2026 | English Teacher | PTA | |
| 3 | Prepare For Independent Reading And Writing | English News Paper Reading, Dairy Writing, Short Story Writing | 2025 - 2026 | English Teacher | PTA | |

## ഐ.ടി

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഐ.ടി മേളയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് | Digital Painting, Presentation, Documentation, Animation, Quiz, Webpage Designing, | 2025 - 2026 | Little Kite Unit | PTA | |

## ഗണിതം

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ചതുഷ്ക്രിയകൾ | വിവിധ തരം കളിയിലൂടെ സങ്കലനം, വ്യവ്യകലനം, ഗണനം, വിരണം, സയൻസ് കളി, കച്ചവടക്കളി | ഒരു വർഷം | ക്ലാസ് ടീച്ചർ | PTA | |
| 2 | ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശിൽപശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | | അധ്യാപകർ ഗണിത ക്ലബ്ബ് | PTA | |
| 3 | ഗണിത പ്രശ്നങ്ങളുടെ അപഗ്രഥനം | നിത്യജീവിതവുമായി ബന്ധപ്പെടുന്ന ഗണിത പ്രശ്നങ്ങൾ കണ്ടെത്തുന്നു. പിയർ ഗ്രൂപ്പിൽ അപഗ്രഥിക്കുന്നു. വ്യത്യസ്ത വഴികൾ കണ്ടെത്തുന്നു. | ഒരു വർഷം | ഗണിത ക്ലബ്ബ് | PTA | |

# 2025 – 26 അധ്യായന വർഷത്തെ ദിനാചരണങ്ങൾ

| ക്രമ നമ്പർ | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജൂൺ 5 ലോക പരിസ്ഥിതി ദിനം | 1 പരിസ്ഥിതി പ്രഭാഷണം<br>2 ഔഷധ തൈകൾ നടൽ<br>3 അസംബ്ലി പ്രസംഗം | ജൂൺ 5 | അസംബ്ലി | പി ടി എ |
| 2 | ജൂൺ 19 വായനദിനം | 1 വായനാവാരം പ്രഭാഷണം<br>2 പുസ്തക പ്രദർശനം<br>3 പുസ്തക ആസ്വാദനം | ജൂൺ 19 – 30 | വിദ്യാലയം | പി ടി എ |
| 3 | ജൂൺ 26 ലഹരി വിരുദ്ധ ദിനം | 1 അസംബ്ലി പ്രസംഗം<br>2 പോസ്റ്റർ പ്രദർശനം ബോധവത്കരണം | ജൂൺ 26 | അസംബ്ലി | പി ടി എ |
| 4 | ജൂലൈ 5 ബഷീർ ദിനം | പുസ്തക പ്രദർശനം | ജൂലൈ 5 | വിദ്യാലയം | പി ടി എ |
| 5 | ജൂലൈ 11 ലോക ജനസംഖ്യാദിനം | മഹോത്സവമായ ക്ലാസ് | ജൂലൈ 11 | അസംബ്ലി ക്ലാസ് | പി ടി എ |
| 7 | ആഗസ്റ്റ് 6 ഹിരോഷിമ ദിനം | 1 അസംബ്ലി പ്രസംഗം<br>2പ്രബന്ധ/ചിത്രരചനാ മത്സരങ്ങൾ | ആഗസ്റ്റ് 6 | സോഷ്യൽ ക്ലബ്ബ് | പി ടി എ |
| 8 | ആഗസ്റ്റ് 9 നാഗസാക്കി ദിനം | 1 അസംബ്ലി<br>2 സമാധാന സന്ദേശ യാത്ര | ആഗസ്റ്റ് 9 | സോഷ്യൽ ക്ലബ്ബ് ക | പി ടി എ |
| 9 | ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | 1 അസംബ്ലി<br>2 ദേശീയ പതാക ഉയർത്തൽ ചടങ്ങ് പ്രഭാഷണം, | ആഗസ്റ്റ് 12 – 14 | സോഷ്യൽ ക്ലബ്ബ് | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | സാമൂഹ്യവായന – നാടകം | | | |
| 10 | ആഗസ്റ്റ് 29 ദേശീയ കായിക ദിനം | കായിക മത്സരങ്ങൾ | ആഗസ്റ്റ് 29 | പി ഇ ടി | പി ടി എ |
| 11 | സെപ്റ്റംബർ 5 അധ്യാപക ദിനം | 1 അസംബ്ലി<br>2 വിദ്യാർത്ഥികളുമായുള്ള ആശയ വിനിമയം<br>3 ക്വിസ്സ് മത്സരങ്ങൾ | സെപ്റ്റംബർ 5 | സ്റ്റുഡന്റ് ടീച്ചർ | പി ടി എ |
| 12 | സെപ്റ്റംബർ 14 ഹിന്ദി ദിനം | ഹിന്ദി പ്രസംഗം | സെപ്റ്റംബർ 14 | ക്ലാസ് | പി ടി എ |
| 13 | സെപ്റ്റംബർ 16 ഓണാഘോഷം | 1 അസംബ്ലി<br>കലാ മത്സരങ്ങൾ<br>2വിദ്യാഭ്യാസ പ്രസംഗം | സെപ്റ്റംബർ 16 | ക്ലാസ് | പി ടി എ |
| 14 | സെപ്റ്റംബർ 21 ലോക അൽസിമേഴ്സ് ദിനം | അസംബ്ലി, ബോധവത്കരണ ക്ലാസ് | സെപ്റ്റംബർ 21 | അസംബ്ലി ക്ലാസ് | പി ടി എ |
| 15 | ഒക്ടോബർ 2 ഗാന്ധിജയന്തി | 1 അസംബ്ലി<br>2 ഗാന്ധി ക്വിസ്<br>3 വിശിഷ്ട പ്രഭാഷണം | ഒക്ടോബർ 2 | സോഷ്യൽ ക്ലബ്ബ് | പി ടി എ |
| 16 | നവംബർ 14 ബാലദിനം | അസംബ്ലി<br>എൽ.പി/യു.പി കുട്ടികളുടെ കലാപരിപാടികൾ<br>കുട്ടികളുടെ ഗെയിംസ് | നവംബർ 14 | എസ് ആർ ജി കമ്മിറ്റികൾ | പി ടി എ |
| 17 | ഡിസംബർ 10 മനുഷ്യാവകാശദിനം | 1 അസംബ്ലി<br>2 ക്വിസ്<br>3 പ്രഭാഷണം | ഡിസംബർ 10 | സോഷ്യൽ ക്ലബ്ബ് | പി ടി എ |
| 18 | ജനുവരി 26 റിപ്പബ്ലിക് ദിനം | അസംബ്ലി<br>റിപ്പബ്ലിക് ദിന സന്ദേശം | ജനുവരി 26 | സോഷ്യൽ ക്ലബ്ബ് | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | മൂല്യ പഠന ക്ലാസ്സുകൾ | | | |
| 19 | ജനുവരി 30 രക്തസാക്ഷി ദിനം | അസംബ്ലി ഗാന്ധി സ്മൃതി | ജനുവരി 30 | സോഷ്യൽ ക്ലബ്ബ് | പി ടി എ |
| 20 | ഫെബ്രുവരി 28 ഭൗതിക ശാസ്ത്രദിനം | പരീക്ഷണങ്ങൾ (എല്.പി, യു.പി, എച്ച്.എസ്) | ഫെബ്രുവരി 28 | ഗണിത ക്ലബ് | പി ടി എ |
| 21 | മാർച്ച് 22 ലോക ജലദിനം | പ്രസംഗം, പോസ്റ്റർ മത്സരം പ്രഭാഷണം | മാർച്ച് 22 | ഗണിത ക്ലബ് | പി ടി എ |

## ഉപസംഹാരം:

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കാൻ വേണ്ടിയാണ്, മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കിയി ട്ടുള്ളത്. വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേൻമ വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ 2025-26 വർഷത്തേക്കുള്ള പ്രവർത്തനമാണ് ഇതിൽ ആസൂത്രണം ചെയ്തി ട്ടുള്ളത്. ഒരു ബഹുഭാഷാ പ്രദേശമായ ഉപ്പളയിൽ, കുട്ടികൾ അനുഭവിക്കുന്ന എറ്റവും വലിയ പ്രശ്നം ഭാഷയിലെ അക്ഷരങ്ങൾ ഉറച്ചിട്ടില്ലാത്തതാണ് എന്ന് അവസ്ഥാവിശകലനത്തിലൂടെ മനസ്സിലാക്കി. അതുകൊണ്ടു തന്നെ മറ്റു വിഷയങ്ങളേയും അതു സാരമായി ബാധിക്കുന്നു. ഈ പ്രശ്നം മറി കടക്കാൻ പലവിധ പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നു. ഇതിനായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതാണ് പദ്ധതി. ജൂൺ മുതൽ ജനുവരി വരെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഞങ്ങൾ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ നല്ല രീതിയിൽ നടത്താൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.